**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3867.** **21/10/2016-ൽ മറുപടിയ്ക്ക്.**

# സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിലെ അഴിമതി

**ചോദ്യം**

**ശ്രീ.കെ.ബി.ഗണേഷ് കുമാർ:**

(എ) മുൻ സർക്കാരിന്റെകാലത്ത് സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ വ്യാപകമായി അഴിമതി നടന്നിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ അഴിമതി നടന്നിട്ടുണ്ട് എന്ന് ചൂണ്ടിക്കാട്ടി പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) അപ്രകാരം പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ ഇതിന്മേൽ തുടർനടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

**മറുപടി**

**ശ്രീ.വി.എസ്. സുനിൽകുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

(എ), (ബി) & (സി) മുൻ സർക്കാരിന്റെകാലത്ത് സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ വ്യാപകമായി അഴിമതി നടന്നിട്ടുള്ളതായി ചൂണ്ടിക്കാണിച്ച് ബഹു. പത്തനാപുരം എം.എൽ.എ-യുടെ പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേയ്ക്ക് നടത്തിയ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെയും, ബഹു. എം.എൽ.എ. സമർപ്പിച്ച പരാതിയുടെയും അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ മാനേജർ ഓപ്പറേഷൻസ് തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിംഗിനെക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടാപ്പിംഗ് സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള നിയമനവും, സുതാര്യവും പിഴവില്ലാത്തതും ആണെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശവും, വിജിലൻസ് വിംഗിന്റെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതുവരെ പ്രസ്തുത തസ്തികയിലെ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം മരവിപ്പിക്കുന്നതിനും എം.ഡി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാനേജർ ഓപ്പറേഷൻസ് തസ്തികയിൽ നിയമനം നൽകണമെന്നുള്ള 23/6/2016-ലെ ഡബ്ല്യു.പി. (സി) 20018/16 നമ്പർ ഉത്തരവിനെതിരെ, സർക്കാർ ഫയൽ ചെയ്ത ഡബ്ല്യു.എ. നം. 1663/16 റിട്ട് അപ്പീലിലെ 31/8/2016-ലെ ഇടക്കാല ഉത്തരവിൽ, 23/06/2016-ലെ സിങ്കിൾ

ജഡ്ജിന്റെ ഉത്തരവ് നടപ്പാക്കുന്നത് സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിലെ അഴിമതിയുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിലോ അല്ലാതെയോ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ഫാമിംഗ് കോർപ്പറേഷനിൽ നടന്നുവെന്നാരോപിക്കുന്ന അഴിമതിയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 06/10/2016-ൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെല്ലിലെ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ആസ്ഥാന മന്ദിരത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**